# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 10/1300/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 10/1300/2023 തീയ്യതി: 27/09/2023

# കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2022 മുതൽ 14-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ ഇ.വി ഹരി, ഓഡിറ്റ് ഓഫീസർ
2) ശ്രീമതി രബിത ടി.പി, ഓഡിറ്റ് ഓഫീസർ
3) ശ്രീമതി ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

4) ശ്രീ ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
5) ശ്രീമതി വിനീത.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ടി.പി.ദാമോദരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. മനോജ്.ഒ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷിബിൻ.കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. രെഞ്ചു സൂരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 19-10-2022 |
| ശ്രീമതി സൗദ കെ.സി | അസിസ്റ്റന്റ് എഞ്ചിനിയർ | 20-10-2022 | 31-03-2023 |
| ഡോ. അഭിലാഷ് പി.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ദീപ്തി. ജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 13-06-2022 |
| ഡോ. ബിനോയ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 14-06-2022 | 31-03-2023 |
| ഡോ. അഷിത.എ.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ബിനീഷ്. പി.പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷെൽജ.എ.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. രമേശൻ.യു.എം | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. രാജലക്ഷ്മി.എ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ ജയപ്രകാശ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ വിശാന്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ പ്രതീഷ് പി | വി.ഇ.ഒ(കാവുന്തറ) | 01-04-2022 | 23-03-2023 |
| ശ്രീമതി ലജന എം.എം | വി.ഇ.ഒ(കാവുന്തറ) | 24-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ലജന എം.എം | വി.ഇ.ഒ(നടുവണ്ണൂർ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രികയിലെ അപാകത | 1-1-2 |
| 4 | സമയബന്ധിത ഡിമാന്റ് എൻട്രികൾ ഇല്ല | 1-1-3 |
| 5 | ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല | 1-1-4 |
| 6 | പ്രതിമാസ റീകൺസിലിയേഷൻ നടത്തിയില്ല | 1-1-5 |
| 7 | രശീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-6 |
| 8 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | റഗുലറൈസേഷൻ ഫീ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വാർഷികകണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | ഇ.എം.എസ് ലോൺ പലിശ കുടിശ്ശിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-10 |
| 12 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റ് ആയില്ല | 1-1-11 |
| 13 | ആസ്തി രജിസ്റ്ററിലെ അപാകത | 1-1-12 |
| 14 | സ്റ്റോർസ് & സ്റ്റോക്ക് ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ആസ്തി നിർമ്മാണത്തിന് ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി കാണിച്ചില്ല | 1-1-14 |
| 16 | ബഡ്ജറ്റ് | 1-2 |
| 17 | ഫണ്ട് വിനിയോഗം | 1-3 |
| 18 | പദ്ധതി അവലോകനം | 1-4 |
| 19 | സാമ്പത്തിക വിശകലനം | 1-5 |
| 20 | ക്ഷേമ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 22 | അഡ്വാൻസുകൾ ക്രമീകരിക്കുന്നില്ല | 1-8 |
| 23 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല. | 1-9 |
| 24 | ചെലവഴിക്കാത്ത ഗ്രാന്റ് തുകകളും മറ്റ് അപാകതകളും | 1-10 |
| 25 | ലൈഫ് ഭവനം - സംസ്ഥാനാവിഷ്കൃത ഫണ്ട് ചെലവഴിച്ചില്ല - 82.68 ലക്ഷം | 1-11 |

| | | |
|---|---|---|
| | നീക്കിയിരിപ്പ് | |
| 26 | തനത് ഫണ്ടുകളിൽ പലിശ നഷ്ടം | 1-12 |
| 27 | ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ മാനവൽ രശീതികളിൽ തീയതി രേഖപ്പെടുത്തുന്നു | 1-13 |
| 28 | നികുതി പിരിവ് - അവലോകനം | 1-14 |
| 29 | വസ്തു നികുതി - അപാകതകൾ | 1-15 |
| 30 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-16 |
| 31 | എഫ് ടി ഇ എ & ഒ എസ് ലൈസൻസ് - അപാകതകൾ | 1-17 |
| 32 | മരാമത്ത് പ്രവൃത്തികളിൽ പൊളിച്ചെടുത്ത സാമഗ്രികൾ ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല | 1-18 |
| 33 | ആവശ്യകത ഉറപ്പാക്കാതെ സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടുത്തുന്നു | 1-19 |
| 34 | ഒരേ തരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഇനം തെരെഞ്ഞെടുക്കുന്നു | 1-20 |
| 35 | തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ/തെറ്റായ ഇനത്തിൽ അളവ് ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 1-21 |
| 36 | GMLP കിണർ നവീകരണവും, പ്ലംബിംഗ് പ്രവൃത്തികളും അപാകതകൾ | 1-22 |
| 37 | "ടേക്ക് എ ബ്രേക്ക്" - നിർമ്മാണം ആരംഭിച്ചില്ല | 1-23 |
| 38 | ഹോമിയോ ഡിസ്‌പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 29,677 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-24 |
| 39 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-25 |
| 40 | ഘടക സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ - ചെലവു രേഖകൾ ഹാജരാക്കിയില്ല. | 1-26 |
| 41 | വികസന ഫണ്ട് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-27 |
| 42 | കിടാരി വളർത്തൽ പദ്ധതി - തുടർ നിരീക്ഷണമില്ല | 1-28 |
| 43 | സാമൂഹ്യക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. | 1-29 |
| 44 | ആർദ്രം പദ്ധതി - ജീവനക്കാരുടെ വേതനം മുൻകൂർ അനുവദിച്ചു | 1-30 |
| 45 | ഒ.ഡി.എഫ് പ്ലസ് - ആനുകൂല്യം അനുവദിച്ച ബാങ്ക് അക്കൗണ്ട് നമ്പറിൽ അവ്യക്തത | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 24.06.23 തിയ്യതിയിലെ 1(5)/23 തീരുമാന പ്രകാരം തയ്യാറാക്കി 03.07.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 സമർപ്പിക്കാത്ത പത്രികകൾ

അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിങ്ങ് നയങ്ങളെ സംബന്ധിച്ച കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ളോ പത്രികയിലെ അപാകത

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 സമയബന്ധിത ഡിമാന്റ് എൻട്രികൾ ഇല്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി എന്നിവയുടെ ലെഡ്ജറുകളിൽ എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-4 ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-5 പ്രതിമാസ റീകൺസിലിയേഷൻ നടത്തിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ ട്രഷറി എസ്.ബി അക്കൗണ്ട് നമ്പർ 799010100142733 ന്റെ പ്രതിമാസ റീകൺസിലിയേഷൻ ഒരിക്കൽ പോലും നടത്തിയിട്ടില്ല. ബാലൻസ് ഷീറ്റിലെ ബി.17 ഷെഡ്യൂൾ പ്രകാരം സാമ്പത്തിക വർഷാവസാനം പ്രസ്തുത അക്കൗണ്ടിൽ 11,40,466/- രൂപയാണ് ഉള്ളത്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 1233538/- രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ മൂന്ന് വർഷത്തിലധികമായി ഇടപാടുകളൊന്നുമില്ലാത്ത ഈ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നതിന്റെ ആവശ്യകതയും വ്യക്തമല്ല.

1-1-6 രശീത് തെറ്റായ ശീർഷകത്തിൽ നൽകി

ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ വരവ് വന്ന ഓഡിറ്റ് റിക്കവറി തുകയായ 239651/- രൂപ 180400103 (Recovery From Employees - Audit Recovery Based On Audit Report/Audit Enquiry) എന്ന ശീർഷകത്തിന് പകരം 180400101 (Recovery From Employees - Audit Recovery Based On Charge Certificate) എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്ത് രശീതി നൽകിയിട്ടുള്ളത്.

1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ബി.4 ഷെഡ്യൂൾ പ്രകാരം Grants, Funds & Contributions For Specific Purposes – Other Than Dev. & State Sponsored – Other Purposes (320300199) എന്ന ശീർഷകത്തിൽ ചെലവഴിക്കാത്ത ഗ്രാന്റായി 8268665/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി 17 ഷെഡ്യൂൾ പ്രകാരം പ്രസ്തുത തുക നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (SBI, Naduvannur - A/C No.10671814263) 4995768/- രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ.

1-1-8 റഗുലറൈസേഷൻ ഫീ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

റഗുലറൈസേഷൻ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്ക് പ്രകാരം 345242 രൂപയും രജിസ്റ്റർ പ്രകാരം 345069 രൂപയുമാണ്.

1-1-9 വാർഷികകണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ടെണ്ടർ ഫോം വിൽപന രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

1-1-10 ഇ.എം.എസ് ലോൺ പലിശ കുടിശ്ശിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

18.02.2010 ലെ സ.ഉ (സാധാ) 533/2010/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കെ.ഡി.സി ബാങ്ക്, നടുവണ്ണൂർ ശാഖയിൽ നിന്ന് 1,39,20,000/- രൂപ വായ്പയെടുത്തിരുന്നു. ഇ.എം.എസ് ലോൺ രജിസ്റ്റർ പ്രകാരം പ്രസ്തുത വായ്പയുടെ മുതൽ

തിരിച്ചടയ്ക്കാനില്ലെങ്കിലും 31.03.2021 ന് പലിശയിനത്തിൽ 9,84,881/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റ് ആയില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലുള്ള ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ മാർച്ച് മാസത്തെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 7226 രൂപ Cheques Deposited But Not Cleared ആയി കാണിച്ചിട്ടുണ്ട്. Cheques Deposited But Not Cleared എന്നാണ് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത് എങ്കിലും ഇവ യഥാർത്ഥത്തിൽ ഓൺലൈൻ പേയ്മെന്റ് മുഖേന നേരിട്ട് അടവ് വന്ന തുകകളാണ്. ഇവ ഐ.കെ.എമ്മിന്റെ സെൻട്രലൈസ്ഡ് അക്കൗണ്ടിൽ നിന്ന് തുടർ മാസങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ഇ-പെയ്മെന്റ് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല.

1-1-12 ആസ്തി രജിസ്റ്ററിലെ അപാകത

ആസ്തി രജിസ്റ്റർ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

1-1-13 സ്റ്റോർസ് & സ്റ്റോക്ക് ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല

സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പ് വാല്യൂ ബേസ്ഡ് ആക്കി ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

1-1-14 ആസ്തി നിർമ്മാണത്തിന് ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി കാണിച്ചില്ല

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾക്ക് തത്തുല്യമായ തുക വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ 'Capital Contribution' ശീർഷകത്തിൽ കാണിക്കുന്നതിന് പകരം മുഴുവൻ തുകയും I-6 ൽ റവന്യൂ ചെലവായി കാണിച്ചു.

1-2 ബഡ്ജറ്റ്

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 ലെ 1/1 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 01.03.2023 ലെ 2/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിക്കപ്പെട്ടു. ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് – ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | ബഡ്ജറ്റ് | പുതുക്കിയ ബഡ്ജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 12651259 | 13851270 |
| വരവ് | 304883000 | 348168172 |
| ആകെ | 317534259 | 362019442 |
| ചെലവ് | 304987640 | 348678959 |
| നീക്കിയിരിപ്പ് | 12546619 | 13340483 |

## 1-3 ഫണ്ട് വിനിയോഗം

(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17674484 | 17674484 | 15543421 | 2131063 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6484582 | 6484582 | 6484582 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 7317000 | 7317000 | 6051062 | 1265938 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 5355000 | 5355000 | 5355000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 527082 | 527082 | 527082 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMS മുഖേന) | 680682 | 3393613 | 4074295 | 3290457 | 783838 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി മുഖേന) | 0 | 714431 | 714431 | 251376 | 463055 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (PFMS മുഖേന) | 1816742 | 4852000 | 6668742 | 3554000 | 3114742 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രൊജക്ടുകൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 131316967 | 110 | 55901001 | 12 | 46 | 65.50% |

## 1-5 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 35173505 |

| | |
|---|---|
| വരവ് | 285726859 |
| ആകെ | 320900364 |
| ചെലവ് | 278651928 |
| നീക്കിയിരിപ്പ് | 42248436 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 713 | 7994000 |
| വിധവാപെൻഷൻ | 1007 | 10814600 |
| വാർദ്ധക്യകാല പെൻഷൻ | 2380 | 23258800 |
| വികലാംഗ പെൻഷൻ | 324 | 3523200 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 78 | 856400 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 6 | 180000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2023 ന് രാവിലെ 10.30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,752 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 അഡ്വാൻസുകൾ ക്രമീകരിക്കുന്നില്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയ വിവിധ അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് | ഇനം | തുക |
|---|---|---|---|
| 1 | 460500202 | Advance To Implementing Agencies – Deposit With Kerala Electricity Board | 1209 |
| 2 | 460500204 | Advance To Implementing Agencies – Deposit With Ground Water Department | 1840 |
| 3 | 460500205 | Advance To Implementing Agencies – Deposit With Public Works Department | 285613 |
| 4 | 460500399 | Advance To Other Authorised Agencies | 150000 |
| 5 | 460509901 | Advance To Others | 48045 |
| 6 | 460100199 | Other Advances | 323491 |

| | | | |
|---|---|---|---|
| 7 | 460500501 | Advance To Implementing Officers | 166996 |
| 8 | 460500304 | Advance To Kudumbasree Neighbourhood Group | 445741 |

മേൽ പറഞ്ഞവയിൽ ക്രമ നം. (1) മുതൽ (3) വരെയുള്ളവ നിർവ്വഹണ ഏജൻസികൾക്ക് എന്നാണ് നൽകിയത്, എന്ത് ആവശ്യത്തിനായാണ് നൽകിയത്, തുക നൽകിയതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നും വ്യക്തമല്ല. ക്രമ നം. (4) (5) എന്നിവയുടെ കാര്യത്തിലും, ക്രമ നം. (6)ൽ "Other Advances" ഇനത്തിൽ ക്രമീകരിക്കാതെ ശേഷിക്കുന്ന 323491/- രൂപയിൽ 280473/- രൂപയുടെ കാര്യത്തിലും, ക്രമ നം. (7)ൽ "Advance To Implementing Officers" ഇനത്തിൽ ക്രമീകരിക്കാതെ ശേഷിക്കുന്ന 166996/- രൂപയിൽ 6996/- രൂപയുടെ കാര്യത്തിലും മേൽ വിവരങ്ങൾക്ക് പുറമേ അഡ്വാൻസ് തുക ആർക്കാണ് നൽകിയതെന്ന് പോലും വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കാതെയും അഡ്വാൻസ് തുക അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ "ഘടകസ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ - തുക അനുവദിക്കൽ" എന്ന പ്രൊജക്റ്റിൽ (പ്രൊജക്റ്റ് നം.36/22-23 ) ഉൾപ്പെടുത്തി വിവിധ ഉദ്യോഗസ്ഥർക്ക് താഴെ പറയും പ്രകാരം ആകെ 4,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. അവരിൽ നിന്ന് ചെലവു രേഖകൾ പരിശോധിക്കാതെ വിനിയോഗ സാക്ഷ്യപത്രങ്ങൾ വാങ്ങിവയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ മുൻവർഷങ്ങളിലും അഡ്വാൻസ് തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അനുവദിച്ച തുക |
|---|---|---|
| 1 | കൃഷി ഓഫീസർ | 25000 |
| 2 | വെറ്ററിനറി സർജൻ | 40000 |
| 3 | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 2,00,000 |
| 4 | മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 20,0000 |
| 5 | മെഡിക്കൽ ഓഫീസർ (ജി.എച്ച്.ഡി) | 20,0000 |
| 6 | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് കരുവണ്ണൂർ | 40000 |
| 7 | ഹെഡ്മാസ്റ്റർ, ഗവ: വെൽഫെയർ എൽ.പി.എസ് | 30000 |
| 8 | ഹെഡ്മാസ്റ്റർ, ഗവ: മാപ്പിള എൽ.പി.എസ് | 25000 |
| ആകെ | | 4,00,000 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/2022-23 തീയതി 21.08.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, അഡ്വാൻസ് രജിസ്റ്റർ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കേണ്ടതുമാണ്. കൂടാതെ ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസുകൾ അടിയന്തിരമായി ക്രമീകരിച്ചോ, ആവശ്യമായപക്ഷം ബന്ധപ്പെട്ടവരിൽ നിന്ന് നിയമാനുസൃത പിഴ പലിശ സഹിതം തിരികെ ഈടാക്കിയോ എന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല.

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ഡെപ്പാസിറ്റ് രജിസ്റ്റർ പ്രാകാരം മൂന്ന് വർഷത്തിലേറെ പഴക്കമുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് | ഇനം | ആകെ ഡെപ്പോസിറ്റ് തുക | മൂന്ന് വർഷത്തിലേറെ പഴക്കമുള്ള |
|---|---|---|---|---|

| | | | | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 1 | 340100101 | Contractors' Earnest Money Deposit | 159215 | 75315 |
| 2 | 340100102 | Suppliers' Earnest Money Deposit | 74577 | 32777 |
| 3 | 340100103 | Bidders' Earnest Money Deposit | 202644 | 38900 |
| 4 | 340100201 | Contractors' Security Deposit | 213925 | 28425 |
| 5 | 340100202 | Suppliers' Security Deposit | 27706 | 21506 |
| 6 | 340100203 | Bidders' Security Deposit | 1800 | 600 |
| 7 | 340100301 | Contractors' Retention | 144938 | 89748 |
| 8 | 340200102 | Auction Deposit | 60675 | 60675 |
| 9 | 340109901 | Other Deposit | 20930 | 20930 |
| 10 | 340800101 | Deposit Received From Others | 64542 | 63142 |

മേൽപറഞ്ഞവയിൽ ക്രമ നം. 9 ലെ "Other Deposit" ഇനത്തിലെ 20930/- രൂപ 2013-14 സാമ്പത്തിക വർഷം ഡെപ്പോസിറ്റായി ലഭിച്ച തുകയാണ്. ഇതിൽ 11130/- രൂപ എന്ത് ആവശ്യത്തിനായി ലഭിച്ചതാണെന്ന പോലും വ്യക്തമല്ല. ക്രമ നം. 10 ലെ "Deposit Received From Others" ഇനത്തിലെ 64542/- രൂപയിൽ 46,000/- രൂപ 2015-16 സാമ്പത്തിക വർഷം ഇലക്ഷൻ ഡെപ്പാസിറ്റായി ലഭിച്ച തുകയാണ്.

കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിനുള്ള കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2022-23 തീയതി 21.08.2023) മറുപടി ലഭിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ഡെപ്പോസിറ്റ് തുകകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കേണ്ടതും, കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 ചെലവഴിക്കാത്ത ഗ്രാന്റ് തുകകളും മറ്റ് അപാകതകളും

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) Other Schemes (320100152) എന്ന ശീർഷകത്തിൽ 11,000/- രൂപ നീക്കിയിരിപ്പുണ്ട്. 2022-23 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതുമായ ഈ തുക ലഭിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമല്ല.

2) ശുചിത്വപരിപാലനവുമായി ബന്ധപ്പെട്ട താഴെ പറയുന്ന മൂന്ന് ശീർഷകങ്ങളിലായി തുകകൾ നീക്കിയിരിപ്പുണ്ട്

| ക്രമ നം. | ശീർഷകം | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320100181 – Total Sanitation Campaign | 1372050 |
| 2 | 320100198 – Grant From Suchitwa Mission | 1094764 |
| 3 | 320300103 – Grants, Funds & Contributions For Specific Purposes – Other Government Agencies – Total Sanitation | 757005 |

തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള മേൽപറഞ്ഞ തുകകളിൽ ക്രമ നം (3) പ്രകാരമുള്ളതിൽ നിന്ന് മാത്രമാണ് നിലവിൽ ചെലവ് നടന്നു വരുന്നത്. ശേഷിക്കുന്ന രണ്ട് ശീർഷകങ്ങളിലെയും തുകകൾ ഏത് സാമ്പത്തിക വർഷം ലഭിച്ചതാണെന്നോ, എന്ത് ആവശ്യത്തിനായി ലഭിച്ചതാണെന്നോ വ്യക്തമല്ല.

3) Other Liabilities (320100999) എന്ന ശീർഷകത്തിൽ 1704262/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ഏത് സാമ്പത്തിക വർഷം ലഭിച്ചതാണെന്നോ, എന്ത് ആവശ്യത്തിനായി ലഭിച്ചതാണെന്നോ വ്യക്തമല്ല.

4) Fund For Transferred Institutions – Animal Husbandry -Capital (320200202) എന്ന ശീർഷകത്തിൽ 83485/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നോ, ഏത് സാമ്പത്തിക വർഷം ലഭിച്ചതാണെന്നോ, എന്ത് ആവശ്യത്തിനായി ലഭിച്ചതാണെന്നോ വ്യക്തമല്ല.

5) Grants, Funds & Contributions For Specific Purposes – Other Than Dev. & State Sponsored – Other Purposes (320200399) എന്ന ശീർഷകത്തിൽ 188285/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നോ, ഏത് സാമ്പത്തിക വർഷം ലഭിച്ചതാണെന്നോ, എന്ത് ആവശ്യത്തിനായി ലഭിച്ചതാണെന്നോ വ്യക്തമല്ല.

6) Grants, Funds & Contributions For Specific Purposes – Other Than Dev. & State Sponsored – Other Purposes (320300199) എന്ന ശീർഷകത്തിൽ 8268665/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിൽ 4630846/- രൂപ ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ ഇനത്തിലും, പലിശ ഇനത്തിലുമുള്ള തൻവർഷ വരവാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നടുവണ്ണൂർ ശാഖയിലുള്ള 10671814263 നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മേൽ തുകയൊഴിച്ചുള്ള 3637819/- രൂപ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നോ, ഏത് സാമ്പത്തിക വർഷം ലഭിച്ചതാണെന്നോ, എന്ത് ആവശ്യത്തിനായി ലഭിച്ചതാണെന്നോ വ്യക്തമല്ല.

7) Contribution For Joint Venture Projects (320700204) എന്ന ശീർഷകത്തിൽ 663359/- രൂപയും, Other Grants, Funds & Contribiutions For Specific Purposes (320800199) എന്ന ശീർഷകത്തിൽ 9950/- രൂപയും നീക്കിയിരിപ്പുണ്ട്. ഇവ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നോ, ഏത് സാമ്പത്തിക വർഷം ലഭിച്ചതാണെന്നോ, ഏത് പ്രൊജക്റ്റിനായി ലഭിച്ചതാണെന്നോ വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/2022-23 തീയതി 21.08.2023) മറുപടി ലഭിച്ചിട്ടില്ല. ഓരോ ശീർഷകത്തിലും നീക്കിയിരിപ്പുള്ള തുകകൾ എന്ത് ആവശ്യത്തിനായി ലഭിച്ചതാണെന്നും ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും

പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. തുക ലഭിച്ചതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി പ്രൊജക്റ്റുകൾ രൂപീകരിച്ച് നീക്കിയിരിപ്പ് തുകകൾ അടിയന്തിരമായി ചെലവഴിക്കേണ്ടതും നിലവിൽ ആവശ്യമില്ലാത്ത തുകകൾ ഗ്രാന്റ് അനുവദിച്ച ഏജൻസികൾ/വകുപ്പുകൾക്ക് തിരികെ നൽകി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-11 ലൈഫ് ഭവനം - സംസ്ഥാനാവിഷ്കൃത ഫണ്ട് ചെലവഴിച്ചില്ല - 82.68 ലക്ഷം നീക്കിയിരിപ്പ്

തൻവർഷം ലൈഫ് ഭവന പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം (ജനറൽ, എസ്.സി.പി), ബ്ലോക്ക്പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | വകയിരുത്തിയത് | ലഭ്യമായത് | ചെലവുതുക | റിമാർക്സ് |
|---|---|---|---|---|
| പഞ്ചായത്ത് വിഹിതം | 33,61,407 | 33,61,407 | 31,09,945 | - |
| ജില്ലാപഞ്ചായത്ത് വിഹിതം | 68,48,593 | 15,20,000 | 15,20,000 | - |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 60,00,000 | 24,90,000 | 24,90,000 | - |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,70,00,000 | 82,68,665 | - | മുൻബാക്കിയുൾപ്പടെ തൻവർഷം 82,68,665/- ലഭ്യമായിരുന്നിട്ടും തുക ചെലവഴിച്ചില്ല. |

മേൽ പരാമർശിച്ചതു പ്രകാരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4, ഹെഡ് കോഡ് 320300199 പ്രകാരം മുൻബാക്കിയുൾപ്പെടെ സംസ്ഥാനാവിഷ്കൃത ഫണ്ട് 82,68,665/- രൂപ 31.03.23 ന് നീക്കിയിരിപ്പുണ്ട്. ഫണ്ട് ലഭ്യമായിരുന്നിട്ടും പ്രൊജക്ടിൽ വകയിരുത്തിയ തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-12 തനത് ഫണ്ടുകളിൽ പലിശ നഷ്ടം

ഓൺലൈനായി അടവാക്കപ്പെടുന്ന നികുതികൾ, ഫീസുകൾ, മറ്റ് യൂസർ ചാർജ്ജുകൾ തുടങ്ങിയ തനതു വരവുകൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചയത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉള്ള്യേരി ശാഖയിൽ 03.01.2017 ന് ഒരു പ്രത്യേക ഇ-പേയ്മെന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 67386690473) ആരംഭിച്ചിരുന്നു. പ്രസ്തുത അക്കൗണ്ട് ഒരു കറന്റ് അക്കൗണ്ട് ആയതിനാൽ നീക്കിയിരിപ്പ് തുകയ്ക്ക് പലിശയൊന്നും ലഭിക്കുന്നില്ല. 19.08.2023 ന് അക്കൗണ്ടിൽ 33,69,467/- രൂപ നീക്കിയിരിപ്പുണ്ട്. ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കുകയോ, നീക്കിയിരിപ്പ് തുക പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിടുകയോ ചെയ്യാത്തത് മൂലം ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ വലിയ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ എം. പി ഫണ്ട് അക്കൗണ്ടിൽ ( സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, നടുവണ്ണൂർ ശാഖ, അക്കൗണ്ട് നം. 30954786051) വിവിധ കാലങ്ങളിലായി പലിശയിനത്തിൽ ലഭിച്ച തുകയായ 2,76,408/- രൂപ 28.10.2022 ന് പ്രസ്തുത അക്കൗണ്ടിൽ നിന്ന് പിൻവലിക്കുകയും ആയത് സ്ഥിരനിക്ഷേപമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ നടുവണ്ണൂർ ശാഖയിൽ ആരംഭിച്ച 0189053000018118 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പ്രസ്തുത ദിവസം തന്നെ നിക്ഷേപിക്കുകയും ചെയ്തിരുന്നു. പലിശ തുക പിൻവലിച്ച് സ്ഥിരനിക്ഷേപമാക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല നാളിതുവരെ മേൽ തുക സ്ഥിരനിക്ഷേപമായി മാറിയിട്ടില്ല. സ്ഥിരനിക്ഷേപത്തിന് കിട്ടുമായിരുന്ന ഉയർന്ന പലിശയ്ക്ക് പകരം സേവിംഗ്സ് അക്കൗണ്ടിനുള്ള കുറഞ്ഞ പലിശ മാത്രമാണ് നിലവിൽ മേൽ തുകയ്ക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/2022-23 തീയതി 22.08.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഇ-പെയ്മെന്റ് അക്കൗണ്ടിൽ പ്രതിമാസം നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ തുക മാത്രം നിലനിർത്തി ശേഷിക്കുന്ന തുക പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ എം. പി ഫണ്ടിലെ പലിശ തുക പിൻവലിച്ച് സ്ഥിരനിക്ഷേപമാക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, സൗത്ത് ഇന്ത്യൻ ബാങ്കിലെ സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക ഭരണസമിതി തീരുമാനത്തിനനുസൃതമായി സ്ഥിരനിക്ഷേപമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-13 ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ മാന്വൽ രശീതികളിൽ തീയതി രേഖപ്പെടുത്തുന്നു

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 20(സി) പ്രകാരം മാന്വൽ രശീതികളിൽ രേഖപ്പെടുത്തൽ വരുത്തുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിൽ ഉപയോഗിക്കുന്ന മാന്വൽ രശീതികളിൽ തീയതി ഒഴികെയുള്ള വിശദാംശങ്ങൾ എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുകയും തീയതി എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| രശീതി ബുക്ക് നം. | രശീതി നം. | തീയതി |
|---|---|---|
| 9098 | 38 മുതൽ 51 വരെ | 14.03.23 |
| | 52 മുതൽ 83 വരെ | 22.03.23 |
| | 84 മുതൽ 100 വരെ | 24.03.23 |
| 9099 | 1 മുതൽ 54 വരെ | 30.03.23 |

| | | |
|---|---|---|
| | | |
| | 55 മുതൽ 100 വരെ | 31.03.23 |
| 9100 | 1 മുതൽ 19 വരെ | 27.03.23 |
| | 20 മുതൽ 47 വരെ | 29.03.23 |
| | 48 മുതൽ 68 വരെ | 30.03.23 |
| | 69 മുതൽ 82 വരെ | 31.03.23 |

മേൽപ്രകാരം പിരിച്ച തുകയുടെ കാര്യത്തിൽ തുക പിരിച്ച തീയതി, ആയത് ഗ്രാമപഞ്ചായത്തിൽ അടച്ച തീയതി എന്നിവയുടെ കൃത്യത ഉറപ്പു വരുത്തേണ്ടതുണ്ട്. ആയതിനായി നികുതി ഒടുക്കിയ കക്ഷികൾക്ക് നൽകിയ ഒറിജിനൽ രശീതികൾ ലഭ്യമാക്കി ആയത് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രശീതിയുടെ പകർപ്പുമായി ഒത്തു നോക്കി പിരിച്ച തീയതി, അടച്ച തീയതി എന്നിവ ഉറപ്പു വരുത്തി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5 /22-23 തീയതി 18.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 നികുതി പിരിവ് - അവലോകനം

കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200, അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ.

### വസ്തു നികുതി

2022-23 വർഷത്തെ വസ്തുനികുതി ഡിമാന്റ് 5953267/- രൂപയാണ്. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി വരവ് 58,83,466 രൂപയാണ്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഈടാക്കുന്ന കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 8971 |
| പാർപ്പിടേതര ആവശ്യത്തിനുള്ള കെട്ടിടങ്ങൾ | 3047 |
| മൊബൈൽ ടവറുകൾ | 6 |

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയമേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ, ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തു നികുതിയിൽ വർദ്ധനവ്/ഇളവ് നൽകി വരികയും ചെയ്യുന്നു.

വസ്തുനികുതി പിരിവ് പുരോഗതി-ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ

പഞ്ചായത്തിലെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തിയിട്ടുണ്ട്. ക്രമമായ ഇടവേളകളിൽ വസ്തുനികുതി പിരിവിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയുടെ 12.05.22 ലെ 1-4/22, 2-4/22, 09.06.22 ലെ 3-6/22 എന്നീ തീരുമാനങ്ങളിൽ അനധികൃത കെട്ടിടങ്ങളെ ക്രമവത്കരിക്കുന്നതിനും പഞ്ചായത്തിലെ മുഴുവൻ വീടുകളും അളന്നു തിട്ടപ്പെടുത്തുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ളവരെ നിയമിക്കുന്നതിനും ഭരണസമിതിയോട് ശുപാർശ ചെയ്യുകയും അതുപ്രകാരം പഞ്ചായത്തിലെ മുഴുവൻ വീടുകളും അളന്നു തിട്ടപ്പെടുത്തുകയും അനധികൃത കെട്ടിടങ്ങളെ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 18.06.22 ലെ 1-6/22, 14.07.22 ലെ 3-7/22, 05.08.22 ലെ 2-8/22, 07.11.22 ലെ 2-11/22 എന്നീ തീരുമാനങ്ങളിൽ വസ്തുനികുതി പിരിവ് പുരോഗതി വിലയിരുത്തുകയും നികുതി പിരിവ് നൂറു ശതമാനത്തിലെത്തിക്കുന്നതിനായി ക്യാമ്പ് സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു. 10.10.22 ലെ 4-10/22, 07.11.22ലെ 3-11/22, 31.12.22 ലെ 21-12/22 എന്നീ തീരുമാനങ്ങളിൽ കെട്ടിട സർവ്വേ പുരോഗതി വിലയിരുത്തി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ തീരുമാനങ്ങൾ 07.01.2023 ലെ ഭരണസമിതിയുടെ യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 06.12.22 ലെ 03-12/22, 19.12.22 ലെ 12-12/22, 31.12.22 ലെ 19-12/22, 07.01.23 ലെ 1/07.01.23, 20.01.23 ലെ 1/20.01.23, 09.02.23 ലെ 1/09.02.23, 08.03.23 ലെ 3/08.03.23, 29.03.23 ലെ 1/29.03.23 എന്നീ തീരുമാനങ്ങളിൽ കെട്ടിട സർവ്വേ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

നികുതി പിരിവ് നൂറുശതമാനമാക്കുന്നതിനായി വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

വസ്തുനികുതിയിനത്തിലുള്ള വരവ് കുറയുന്നതിന് താഴെ പറയുന്ന അപാകതകൾ കാരണമാവുന്നു.

1. വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് നികുതി ഇളവോ വർദ്ധനവോ ഇല്ല. എന്നാൽ ദ്വിതീയ മേഖലയ്ക്ക് പത്തുശതമാനവും തൃതീയ മേഖലയ്ക്ക് ഇരുപത് ശതമാനവും നികുതിയിളവ് അനുവദനീയമാണ്. ആയതിനാൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾപ്രഥമമേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളെ ദ്വിതീയ/തൃതീയ മേഖലയിൽ ഉൾപ്പെടുത്തുമ്പോൾ വസ്തുനികുതി വരവ് കുറയുവാൻ ഇടയാകുന്നു.

2. ഒരേ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത കെട്ടിടങ്ങളായി കണ്ട് നികുതി നിർണ്ണയിക്കുന്നതിന്റെ ഫലമായി തറനിർമ്മിതിയുടെ അടിസ്ഥാനത്തിനുള്ള നികുതി വർദ്ധനവ് ഈടാക്കുവാൻ കഴിയാതെ വരുന്നു.

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങൾ പരിശോധിക്കുകയും കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തുകയും ചെയ്യേണ്ടതാണ്.

ഇ-പേയ്മെന്റ് -വരവുകൾ

പഞ്ചായത്തിലെ ഓൺലൈൻ വഴി സ്വീകരിക്കുന്ന നികുതി എസ്.ബി.ഐ ഉള്ളിയേരി അക്കൗണ്ട് നം. 67386690473 ലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. എന്നാൽ ഓൺലൈൻ വഴി സ്വീകരിക്കുന്ന നികുതി യഥാസമയം അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല.

വസ്തു നികുതി പരിഷ്കരണം

വസ്തുനികുതി പരിഷ്കരണം 2023-24 പ്രകാരമുള്ള പുതിയ നിരക്ക് 02.05.2023 തിയ്യതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗിലെ 01.(1)/2023 നം. തീരുമാന പ്രകാരം താത്കാലികമായി നിശ്ചയിച്ചു. സഞ്ചയയിൽ അപ്ഡേഷൻ വരാത്തതിനാൽ പുതിയ നിരക്കിൽ നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല. നിലവിൽ 5 ശതമാനം വർദ്ധനവോടു കൂടി വസ്തു നികുതി ഈടാക്കുന്നുണ്ട്.

സേവന ഉപനികുതി

കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്തിൽ 2022-23 വർഷത്തിൽ വിവിധ സേവനങ്ങൾക്കായി താഴെ പറയുന്ന പ്രകാരം പണം ചെലവഴിച്ചതായി കാണുന്നു.

| | |
|---|---|
| കുടിവെള്ള പദ്ധതി | 7,75,361 |
| തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 2,76,259 |
| ഡ്രെയിനേജ് | 19,38,587 |

ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-15 വസ്തു നികുതി - അപാകതകൾ

1. പ്രഥമ മേഖലയിലുള്ള കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകി

ഫയൽ നം. 5540/19

കെട്ടിട നം. 6/193 B,C

ഉടമസ്ഥന്റെ പേര് – ഹഫ്സത്ത്

പെർമിറ്റ് നം. 5540/19, തീയതി. 22.08.19

മുകളിൽ കൊടുത്തിട്ടുള്ള ഫയലിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത് കുറ്റ്യാടി – പേരാമ്പ്ര റോഡിൽ നിന്നും 80 മീറ്റർ ദൂരത്തിലാണ് എന്നാണ് കെട്ടിടത്തിന്റെ പ്ലാനിൽ സൂചിപ്പിച്ചിട്ടുള്ളത്. വസ്തുനികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപന പ്രകാരം പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന സ്റ്റേറ്റ് ഹൈവേയ്ക്ക് ഇരുവശവും 250 മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളെ പ്രഥമ മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയതിന് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(1)

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി നിരക്ക് | വസ്തുനികുതി ഈടാക്കേണ്ടത് | വസ്തുനികുതി ഈടാക്കുന്നത് | വ്യത്യാസം |
|---|---|---|---|---|---|
| 6/193 B | 99.44 | 60 | 99.44x60= 5966.4<br>ഇളവ് -മേൽക്കൂര 10% =596.64<br>വസ്തുനികുതി 5370<br>LC = 269 | 99.44x60= 5966.4<br>ഇളവ് -മേഖല ദ്വിതീയം 10%<br>മേൽക്കൂര 10%<br>വസ്തുനികുതി = 4774<br>LC = 239 | വസ്തുനികുതി = 596<br>LC = 30 |
| 6/193 C | 97 | 60 | 97x60 = 5820<br>ഇളവ് – മേൽക്കൂര 10%<br>=582<br>വസ്തുനികുതി 5238<br>LC = 262 | 97x60 = 5820<br>ഇളവ് - ദ്വിതീയ മേഖല 10%<br>മേൽക്കൂര 10%<br>വസ്തുനികുതി = 4656<br>LC = 233 | വസ്തുനികുതി = 582<br>LC = 29 |

ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല

ഫയൽ നം. B2-8893/2018

കെട്ടിട നം. 7/5-A,B

ഉടമസ്ഥന്റെ പേര് - ഷാജിത് പി, ഹരീഷ് കുമാർ

പെർമിറ്റ് നം. B2-8893/2018, തീയതി. 22.12.2018

ഫയലിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടത്തിന്റെ തറനില (7/5-A ) യ്ക്ക് 220.82 ച. മീറ്ററും ഒന്നാം നില (7/5-B) യ്ക്ക് 251 ച.മീറ്ററും വിസ്തീർണ്ണം ഉണ്ട്. സഞ്ചയയിൽ തറനിലയ്ക്കും ഒന്നാം നിലയ്ക്കും തറനിർമ്മിതിയുടെ തരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് ബാധകമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒന്നാംനിലയ്ക്ക് മാത്രമാണ് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് ബാധകമാക്കി നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഒരേ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ പകുതി ഭാഗത്തിനു മാത്രം തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഒരേ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ഒരു കെട്ടിടമായി കണക്കാക്കി തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് ബാധകമാക്കി ഈടാക്കേണ്ടതുമാണ്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 14/22-23 തീയതി 21.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി നിരക്ക് | വസ്തുനികുതി ഈടാക്കേണ്ടത് | വസ്തുനികുതി ഈടാക്കുന്നത് | വ്യത്യാസം |
|---|---|---|---|---|---|
| 7/5A | 220.82 | 60 | 220.82x60=<br>13249.2<br>വർദ്ധനവ്<br>വഴി സൗകര്യം 20%<br>തറനിർമ്മിതി 15%<br>വർദ്ധനവ്<br>4637.22<br>വസ്തുനികുതി = 17887<br>LC = 894 | 220.82x60=<br>13249.2<br>വഴി<br>സൗകര്യം<br>20%%<br>=2649.84<br>വസ്തുനികുതി<br>= 15900<br>LC = 795 | വസ്തുനികുതി<br>= 1987<br>LC = 99 |
| 6/193 C | 97 | 60 | 97x60 = 5820<br>ഇളവ് -മേൽക്കൂര 10%<br>=582<br>വസ്തുനികുതി 5238<br>LC = 262 | 97x60 = 5820<br>ഇളവ് -<br>ദ്വിതീയ<br>മേഖല 10%<br>മേൽക്കൂര 10%<br>വസ്തുനികുതി<br>= 4656<br>LC = 233 | വസ്തുനികുതി<br>= 582<br>LC = 29 |

## 1-16 തൊഴിൽനികുതി പിരിവിലെ അപാകതകൾ

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പാർപ്പിടേതര ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ട് നികുതി ചുമത്തപ്പെട്ടിട്ടുള്ള 3047 കെട്ടിടങ്ങളുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം ആകെ 705 FTEAOS ലൈസൻസുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ശേഷിക്കുന്ന കെട്ടിടങ്ങളിൽ കച്ചവട സ്ഥാപനങ്ങളോ വ്യവസായങ്ങളോ പ്രവർത്തിച്ച് വരുന്നുണ്ടോ എന്ന് പരിശോധിച്ച് ബന്ധപ്പെട്ടവരിൽ നിന്ന് യുക്തമായ തൊഴിൽനികുതി ഈടാക്കിട്ടില്ല.

3) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിക്കുന്നവർ, ട്രാൻസ്പോർട്ട് വാഹന ഉടമകൾ തുടങ്ങിയവരുടെ ലിസ്റ്റ് തയ്യാറാക്കുകയോ അവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

4) 2022-23 വർഷത്തെ FTEAOS ലൈസൻസിന് വേണ്ടി ചില സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകളിലും, അവർ സമർപ്പിച്ച തൊഴിൽനികുതി റിട്ടേണുകളിലും ജീവനക്കാരുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. തൊഴിൽ നികുതി ബാധ്യതയുള്ള ജീവനക്കാരുടെ എണ്ണത്തെ സംബന്ധിച്ച് തൊഴിലുടമ ലഭ്യമാക്കുന്ന വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | |
|---|---|---|---|
| | | ലൈസൻസ് അപേക്ഷ പ്രകാരം | തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം |
| 1 | കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം (ഇൻഡ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നടുവണ്ണൂർ | 105 | ഒന്നാം അർദ്ധ വർഷം- 21<br>രണ്ടാം അർദ്ധ വർഷം- 8 |
| 2 | ജി.ടി.എഫ് സ്റ്റീൽ പൈപ്പ്സ് & ട്യൂബ്സ്, നടുവണ്ണൂർ | 31 | 10 |
| 3 | വെർട്ടക്സ് സ്റ്റീൽ ഡവലപ്പേർസ്, മന്ദങ്കാവ് | 7 | 4 |

| | | | |
|---|---|---|---|
| 4 | വേദിക വെഡ്ഡിങ്ങ് സെന്റർ, നടുവണ്ണൂർ | 20 | 19 |

മേൽ പറഞ്ഞവയിൽ കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം (ഇൻഡ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നടുവണ്ണൂർ ഒന്നാം അർദ്ധവർഷത്തെ റിട്ടേണിനോടൊപ്പം സമർപ്പിച്ച കത്തിൽ ലേ ഓഫ് അറേഞ്ച്മെന്റ് പ്രവൃത്തി നടക്കുന്നതിനാൽ ഫാക്ടറി പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും, എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഒരു പരിശോധനയും നടത്തിയതായി കാണുന്നില്ല.

5) സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ [ഖണ്ഡിക 1-14(2)] പരാമർശിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ കടകളിൽ നിന്നോ തൊഴിലാളികളിൽ നിന്നോ 2022-23 സാമ്പത്തിക വർഷവും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

6) സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന തൊഴിൽനികുതി റിട്ടേണുകൾ വിശദമായി പരിശോധിക്കാതെയാണ് ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളവിവരങ്ങളില്ലാതെ നികുതി തുക മാത്രം രേഖപ്പെടുത്തി സമർപ്പിക്കപ്പെടുന്ന റിട്ടേണുകളെ അടിസ്ഥാനമാക്കി പോലും തൊഴിൽ നികുതി സ്വീകരിക്കുന്നുണ്ട്. ഉദാഹരണമായി കരുവണ്ണൂരിലുള്ള കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ജില്ലാ വെയർ ഹൗസിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ 2022-23 ലെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി റിട്ടേണിൽ ശമ്പള വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. അതുമൂലം അവരിൽ നിന്ന് യുക്തമായ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനം സമർപ്പിച്ച രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി റിട്ടേണുമായി താരതമ്യം ചെയ്യുമ്പോൾ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കാൻ സാധ്യതയുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഒന്നാം അർദ്ധ വർഷം ഈടാക്കിയ നികുതി | രണ്ടാം അർദ്ധ വർഷത്തെ റിട്ടേൺ പ്രകാരം ജീവനക്കാരന്റെ അർദ്ധവർഷ ശമ്പളം | രണ്ടാം അർദ്ധ വർഷം ഈടാക്കിയ നികുതി |
|---|---|---|---|---|
| 1 | അപർണ്ണ രവീന്ദ്രൻ കെ. കെ, ഫാർമസിസ്റ്റ് | 600 | 124670 | 1000 |
| 2 | ഗീത പി, ക്ലീനർ | 750 | 100612 | 1000 |

| | | | | |
|---|---|---|---|---|
| 3 | ജതീഷ് എം, പാക്കർ | 750 | 104192 | 1000 |
| 4 | ജിതേഷ് കെ. പി, പാക്കർ | 750 | 100812 | 1000 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/2022-23 തീയതി 21.08.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടവാക്കുവാൻ ബാധ്യതപ്പെട്ട എല്ലാവരിൽ നിന്നും ചട്ടപ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 എഫ് ടി ഇ എ & ഒ എസ് ലൈസൻസ് - അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതും ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. കേരള പഞ്ചായത്ത് രാജ്( Issue Of Licence To Factories, Traders, Entrepreneurship Activities) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്.

പഞ്ചായത്ത് പരിധിയിൽ പാർപ്പിടേതരാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 3047 കെട്ടിടങ്ങൾ ഉണ്ട്. 453 കെട്ടിടങ്ങൾക്ക് നിയമാനുസൃതം നികുതി ഇളവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടാകാൻ ഇടയുണ്ട്. ലഭ്യമായ കണക്ക് പ്രകാരം 2022-23 വർഷത്തിൽ 706 സ്ഥാപനങ്ങളാണ് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. ബാക്കിയുള്ള വാണിജ്യ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ ഉപയോഗിക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെക്കൊണ്ടും ചട്ട പ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 മരാമത്ത് പ്രവൃത്തികളിൽ പൊളിച്ചെടുത്ത സാമഗ്രികൾ ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ നിലവിലുണ്ടായിരുന്ന നിർമ്മിതികൾ പൊളിച്ച് മാറ്റുന്ന ഇനം ഉണ്ടായിരുന്നു. ഇത്തരത്തിൽ പൊളിച്ച് മാറ്റിയ ഇനങ്ങളുടെ സ്റ്റാക്ക് കൃത്യമായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ പുതിയ നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തിയവയുടെ അളവിനേക്കാൾ സാധനങ്ങൾ ഉണ്ടായിരുന്നോയെന്നും, പുതിയ

നിർമ്മാണത്തിൽ ഉപയോഗപ്പെടുത്താത്തവ എന്തു ചെയ്തുവെന്നും വ്യക്തതയില്ല. രണ്ടുദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്റ്റ് : കാഞ്ഞൂർതാഴെ FHC ഡ്രൈനേജ് നിർമ്മാണം,

71/23 (Price File No.17045/2022)

അടങ്കൽ : 2,60,000/-MG Road

റോഡിനോടനുബന്ധിച്ച് കോൺക്രീറ്റ് ഓവുചാൽ നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി രൂപീകരിച്ചത്. മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് പുതുക്കിയാണ് പദ്ധതി നടപ്പാക്കിയതെന്ന് കാണുന്നു. പുതുക്കിയ എസ്റ്റിമേറ്റിൽ നിലവിലുള്ള കല്ലുകെട്ട് പൊളിക്കുന്നതിനുള്ള ഇനം E1 ആയി ഉൾപ്പെട്ടിരിക്കുന്നു. ഇ-എം ബുക്ക് പ്രകാരം 7.08$m^3$ കല്ല് പൊളിച്ചിട്ടുണ്ട്. എന്നാൽ ഈ കല്ല് പുതിയ നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. കല്ലിന്റെ സ്റ്റോക്ക് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പൊളിച്ചെടുത്ത കല്ല് എന്തു ചെയ്തുവെന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിയ്ക്ക് കല്ലിന്റെ അളവ് സംബന്ധിച്ച് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടെന്നും, ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നുമാണ് അറിയിച്ചത്.

2. തെരുവത്ത് കടവ് അങ്കണവാടി നിർമ്മാണം, 59/21

അടങ്കൽ : 13,00,000/-MGNR, Ownfund

ഈ പദ്ധതിയിൽ RCC Demolish, Brick, Stone Demolish, Dismantling Doors, Windows എന്നിവ ഉൾപ്പെട്ടിരുന്നു. ഈ പ്രവൃത്തികളെല്ലാം നടന്നിട്ടുണ്ടെങ്കിലും, ഒന്നിന്റെയും സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. കല്ലുകൾ പുതിയ നിർമ്മിതിയ്ക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മുഴുവൻ ഉപയോഗപ്പെടുത്തിയോയെന്ന് വ്യക്തതയില്ല. RCC പൊളിച്ചതിന്റെ കമ്പി, വാതിൽ ജനൽ എന്നിവ പ്രാദേശികമായി ഏതോ വ്യക്തിയ്ക്ക് നൽകിയതായി അങ്കണവാടി ടീച്ചർ വാക്കാൽ അറിയിക്കുകയുണ്ടായി. ഈ തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

മുകളിൽ വിവരിച്ച വിധം സാമഗ്രികളുടെ കൃത്യമായ അളവ് സംബന്ധിച്ചും, ഇവ കൈയ്യൊഴിഞ്ഞ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

## 1-19 ആവശ്യകത ഉറപ്പാക്കാതെ സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടുത്തുന്നു

സർക്കാർ ഉത്തരവ് (കൈ)നം. 84/2022, തിയ്യതി 19.4.22 ലെ അദ്ധ്യായം 11 ൽ സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുപ്രകാരം മാർച്ച് 31 ന് പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ചവയുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും വേണം. നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം ഏപ്രിൽ 1 മുതൽ നടപ്പാക്കാവുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾ പൂർത്തീകരിച്ച് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ ചേർക്കുന്ന സ്പിൽഓവർ പ്രോജക്ടുകളിൽ ഓഡിറ്റ് വർഷം ചെലവൊന്നും നടന്നിട്ടില്ല.

ഈ പ്രവൃത്തികളുടെ ഫയൽ, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ പലതിന്റെയും ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിട്ടുള്ളവയാണെന്ന് കണ്ടു. ക്രമ നം. 4 ലെ പദ്ധതി 2019-20 വർഷത്തിൽ തയ്യാറാക്കി ആ വർഷത്തിൽ പാർട്ട് ബിൽ നൽകിയതാണ്. തുടർന്നുള്ള മൂന്നു വർഷവും ഈ പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടും തുടർപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല.

| ക്രമ | പ്രോജക്റ്റ് പേര് | മുൻവർഷ | പ്രവൃത്തി | പൂർത്തീകരിച്ച |
|---|---|---|---|---|

| നം. | നമ്പർ | പ്രോ. നം. | ആരംഭിച്ച തിയ്യതി | തിയ്യതി (അവസാന അളവ്) |
|---|---|---|---|---|
| 1 | വാകയാട് റോഡ് ഓവുചാൽ നിർമ്മാണം, 109/23 | 122/22 | 20.1.22 | 16.2.22 |
| 2 | ബഡ്സ് സ്കൂൾ ഗേറ്റ് സ്ഥാപിക്കൽ, 91/23 | 105/21 | 2.8.21 | 11.10.21 |
| 3 | ആലേബ്ര കുളിയപൊയിൽ റോഡ്, 88/23 | 83/20 | 28.2.22 | 18.3.22 |
| 4 | പാവാട്ടു പുരക്കൽ ഇമ്മിണിക്കുന്ന് റോഡ്, 85/24 | 46/20 | 22.1.20 | 24.2.20 |

മുകളിൽ വിവരിച്ച വിധം ഈ പദ്ധതികൾ സ്പിൽ ഓവർ ആയി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മുൻവർഷ പദ്ധതികളിൽ അപ്രസക്തമായവ/പൂർത്തീകരിച്ചവ സ്പിൽ ഓവർ പദ്ധതിയായി തുടരുന്ന സാഹചര്യം ഒഴിവാക്കേണ്ടതും, ഈ വിധം വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ എണ്ണം ചുരുക്കി പദ്ധതികൾ കാര്യക്ഷമതയോടെ നിർവ്വഹണം നടത്തേണ്ടതുമാണ്.

## 1-20 ഒരേ തരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഇനം തെരെഞ്ഞെടുക്കുന്നു

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ഒരേ തരത്തിലുള്ള പ്രവൃത്തികൾക്ക് വ്യത്യസ്ത ഇനം (DSR, MOrd) തെരെഞ്ഞെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

### ഐറിഷ് ഡ്രൈനേജ്

വിവിധ റോഡ് പ്രവൃത്തികളിൽ ഐറിഷ് ഡ്രൈൻ നിർമ്മാണത്തിനായി വ്യത്യസ്ത ഇനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ട് നമ്പർ 152/23 നടുവണ്ണൂർ കനാൽ റോഡിൽ 75.8.1.1 എന്ന ഇനം ഉൾപ്പെടുത്തിയപ്പോൾ, പ്രോജക്ട് 58/23 ചാലിൽപ്പള്ളി എക്കാട്ടൂർ റോഡ് പ്രവൃത്തിയിൽ 11.4.3.1 എന്നയിനമാണ് ഉൾപ്പെടുത്തിയത്.

### കോൺക്രീറ്റ് ഡ്രൈനേജ് നിർമ്മാണം

പ്രോജക്ട് നമ്പർ 6/23 വാകയാട് റോഡ് ഡ്രൈനേജ് നിർമ്മാണത്തിലും, പ്രോജക്ട് നമ്പർ 5/23 എടവനപ്പുറം ഡ്രൈനേജ് നിർമ്മാണത്തിലും ഉപയോഗപ്പെടുത്തിയ ഇനങ്ങൾ താഴെ കൊടുക്കുന്നവയാണ്.

| പദ്ധതി | വാകയാട് റോഡ് | എടവനപ്പുറം റോഡ് |
|---|---|---|
| Earth Work | 3.5.1 | 2.7.1 |

| | | |
|---|---|---|
| Drain Base | 11.4.1.1 | 4.1.8 |
| Side Wall | 11.4.2.1 | 5.1.2 |
| Slabs | 12.5.3 | 5.1.2 |

മുകളിൽ വിവരിച്ച വിധം ഒരു പദ്ധതിയിൽ DSR ലെ ഇനങ്ങളും, രണ്ടാമത്തേതിൽ Mord ലെ ഇനങ്ങളും ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഇത്തരത്തിൽ ഒരേ തരം പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിലുള്ള വ്യത്യസ്ത ഇനങ്ങൾ തെരെഞ്ഞെടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-21 തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ/തെറ്റായ ഇനത്തിൽ അളവ് ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാലും, ശരിയായ ഇനം എസ്റ്റിമേറ്റിൽ ഉണ്ടായിട്ടും തെറ്റായ ഇനത്തിൽ അളവ് രേഖപ്പെടുത്തിയതിനാലും അധിക തുക കരാറുകാർക്ക് നൽകുന്ന അവസ്ഥയുണ്ടായതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. അങ്കണവാടികളുടെ നവീകരണം, 93/23

ഈ പദ്ധതിയിൽ ചെമ്മലപ്പുറം അങ്കണവാടിയിൽ സിമന്റ് കട്ട ഉപയോഗിച്ച് ഫൗണ്ടേഷൻ ചെയ്ത് ചുറ്റുമതിൽ നിർമ്മിക്കാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രവൃത്തി ആരംഭിച്ച സമയം സൈറ്റ് ക്ലിയർ ചെയ്തപ്പോൾ ഈ ഭാഗം കല്ലുവെട്ടു കുഴിയായിരുന്നെന്ന് മനസ്സിലാക്കുകയും, സിമന്റ് കട്ട ഉപയോഗിച്ച് ഫൗണ്ടേഷൻ ചെയ്യുന്നത് സുരക്ഷിതമല്ലെന്ന് കണ്ട് ചെങ്കല്ല് ഉപയോഗിച്ച് ഫൗണ്ടേഷൻ നിർമ്മിക്കാൻ തീരുമാനിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിൽ ഇതിനായി ഇനം 50.6.7.2 ഉൾപ്പെടുത്തി. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ പ്ലിന്തിനു മുകളിലേയ്ക്കുള്ള ചെങ്കല്ല് നിർമ്മാണത്തിനുള്ളതാണിതെന്ന് വ്യക്തമാകുന്നു. ഈയിനത്തിനു തൊട്ടു മുമ്പിലെ ഇനം 50.6.7.1 ആണ് ഫൗണ്ടേഷൻ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തേണ്ടത്. ഏകദേശം 750/- രൂപയോളം വ്യത്യാസം ഈ രണ്ടിനങ്ങളുടെ നിരക്കുകൾ തമ്മിലുണ്ട്. അളവു പുസ്തകം 34/20-21 പേജ് 11 പ്രകാരം 8.72$M^3$ ഫൗണ്ടേഷൻ പ്രവൃത്തി നടന്നിട്ടുണ്ട്. തെറ്റായ ഇനത്തിലുൾപ്പെടുത്തിയതിനാൽ കരാറുകാരന് അധിക തുക ലഭിക്കാനിടയായിട്ടുണ്ട്.

2. തെരുവത്ത് കടവ് അങ്കണവാടി കെട്ടിടം പൂർത്തീകരണം, 95/23

അങ്കണവാടിയുടെ നിർമ്മാണത്തിനായി രൂപീകരിച്ച ആദ്യപദ്ധതിയുടെ തുടർച്ചയായാണ് ഈ പദ്ധതി രൂപീകരിച്ചത്. ഈ പദ്ധതിയുടെ അളവു പുസ്തകം 133/21-22 പരിശോധിച്ചതിൽ പേജ് 6, 7 എന്നിവകളിലായി ലിന്റൽ നിർമ്മാണം നടന്നതായി കാണുന്നു. ഈ നിർമ്മാണത്തിന്റെ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിയ്ക്കായി പേജ് 2 ൽ അളവു രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അളവുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് എസ്റ്റിമേറ്റിലെ ഇനം 4 ആയ 5.9.3 ൽ ആണ്. ഈയിനം സ്ലാബ്, ബാൽക്കണി മുതലായവയുടെ സെന്ററിംഗിന് ഉപയോഗപ്പെടുത്തുന്നതാണ്. എസ്റ്റിമേറ്റിൽ ഇനം 3 ആയി ലിന്റൽ നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്ന ഇനം 5.9.5 ഉണ്ട്. ഈയിനം ഉണ്ടായിട്ടും തെറ്റായ ഇനത്തിൽ അളവുകൾ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇനം 5.9.3 ന് താരതമ്യേന ഉയർന്ന നിരക്കായതിനാൽ കരാറുകാരന് ഈയിനത്തിൽ അധിക തുക ലഭിച്ചിട്ടുണ്ട്.

മേൽ വിവരിച്ച വിധം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആയത്

വിശദീകരിക്കേണ്ടതും, ഈ വിധത്തിൽ കരാറുകാർക്ക് അധികം നൽകേണ്ടി വന്ന തുക കണക്കാക്കി തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-22 GMLP കിണർ നവീകരണവും, പ്ലംബിംഗ് പ്രവൃത്തികളും അപാകതകൾ

പ്രോജക്ട് നമ്പർ : 110/23

അടങ്കൽ : 828400/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 312999/-

GMLP സ്കൂളിന് 500 മീറ്റർ അകലെയുള്ള പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കിണറിൽ നിന്നും വെള്ളം ലഭ്യമാകുന്ന തരത്തിൽ പമ്പിംഗ് മെയിനും ടാങ്കും സ്ഥാപിക്കലും, GWLP സ്കൂളിന്റെ കിണറിലെ പാറപൊട്ടിച്ച് ആഴം കൂട്ടുക, മേൽ രണ്ടു സ്കൂളുകളിലേയും, ആയുർവേദ ആശുപത്രിയിലേയും കിണറിന് ഗ്രിൽ ഇടുന്നതിനുമുള്ള ഇനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റിൽ സിവിൽ പ്രവൃത്തികൾക്കായി 3,68,017/- രൂപയും, മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് 3,00,000/- രൂപയും ഉൾപ്പെടുത്തിയിരുന്നു. ഇതിൽ സിവിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറുകാരന് തുക നൽകിയിട്ടുണ്ട്. അളവു പുസ്തകം (181/21-22) പരിശോധിച്ചതിൽ GMLP സ്കൂളിന്റെ പമ്പിംഗ് മെയിൻ പ്രവൃത്തികളും, ടാങ്ക് സ്ഥാപനവും അനുബന്ധ പ്ലംബിംഗ് പ്രവൃത്തികളും, മൂന്നു കിണറുകൾക്കും ഗ്രിൽ സ്ഥാപിക്കൽ പ്രവൃത്തിയും നടന്നതായി കാണുന്നു. പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- പമ്പിംഗ് മെയിൻ സ്ഥാപനവും, ടാങ്കിന്റെയും പ്ലംബിംഗിന്റെയും പ്രവൃത്തികൾ 12.10.22 ന് അളവെടുത്ത് ചെക്ക് മെഷർ നടത്തിയിട്ടുണ്ട്. ഇതിനുശേഷം 9.1.23 നാണ് കിണറുകളുടെ ഗ്രിൽ സ്ഥാപനത്തിന്റെയും, 35 മണിക്കൂർ കിണർ വെള്ളം വറ്റിക്കുന്ന പ്രവൃത്തിയും നടന്നിട്ടുള്ളത് (അളവു പുസ്തകപ്രകാരം). ഫയലിലുള്ള Daily Labour Report പ്രകാരം 4.1.23, 5.1.23 എന്നീ തിയ്യതികളിൽ യഥാക്രമം 3, 4 മണിക്കൂർ മാത്രമാണ് വെള്ളം വറ്റിച്ചതായി കാണുന്നത്. ഈ പ്രവൃത്തി മേൽ വിവരിച്ച ഏതു കിണറിലാണെന്നും വ്യക്തമല്ല. കിണറിനകത്തെ യാതൊരു പ്രവൃത്തിയും ഈ പദ്ധതിയിൽ നടന്നിട്ടില്ലെന്നിരിക്കെ ഏതു കിണറിലെ വെള്ളം എന്താവശ്യത്തിനായിട്ടാണ് വറ്റിച്ചതെന്ന കാര്യം വ്യക്തമല്ല. കൂടാതെ DLR ലിൽ കാണിച്ചതിലും കൂടിയ അളവിൽ അളവു പുസ്തകത്തിൽ മണിക്കൂർ ഉൾപ്പെട്ടതും എങ്ങനെയെന്ന് വ്യക്തമല്ല.
- ഈ കിണർ ഏതെങ്കിലും കുടിവെള്ള പദ്ധതിയുടെ ഭാഗമാണോ/ഭാഗമായിരുന്നോ എന്നതു സംബന്ധിച്ച വിവരവും, മോട്ടോർ സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ (പമ്പ് ഹൗസ്, ഇലക്ട്രിസിറ്റി) ഇവിടെ ലഭ്യമാണോയെന്നതു സംബന്ധിച്ച വിവരവും ഫയലിൽ ലഭ്യമല്ല. ഏതെങ്കിലും കുടിവെള്ള പദ്ധതിയുടെ ഭാഗമാണെങ്കിൽ നിലവിൽ ലഭ്യമായ മോട്ടോറും സംവിധാനങ്ങളും ഉപയോഗപ്പെടുത്താതിരുന്നതെന്തുകൊണ്ടെന്നും വ്യക്തമല്ല.
- ഈ പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം GMLP സ്കൂളിന് കുടിവെള്ളം, GWLP സ്കൂളിന്റെ കിണർ ആഴം കൂട്ടൽ എന്നീ ലക്ഷ്യങ്ങളിൽ GMLP സ്കൂളിന് പമ്പിംഗ് മെയിൻ സ്ഥാപനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. കുടിവെള്ളം നിലവിലും ലഭ്യമാകുന്ന സ്ഥിതി വന്നിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ DLR ൽ HP മൾട്ടിപ്ലൈ ചെയ്ത് രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും, രണ്ടു റിപ്പോർട്ടുകൾ രണ്ട് സ്കൂളുകളുടേതാണെന്നും, റിപ്പോർട്ടിൽ പേരെഴുതാൻ വിട്ടു പോയതാണെന്നും അറിയിച്ചു. കിണറിനകത്ത് പ്രവൃത്തിയൊന്നും നടത്തിയിട്ടില്ലെന്നും, കിണറിലെ ചളി മാറ്റി വൃത്തിയാക്കുന്നതിനാണ് വെള്ളം വറ്റിച്ചതെന്നും മറുപടിയിൽ വിശദീകരിച്ചു. ഈ കിണർ പഞ്ചായത്തിന്റെ ആസ്തിയിലുള്ള കീഴ്ക്കോട്ട് മീത്തലെ കുടിവെള്ള പദ്ധതിയുടെ ഭാഗമാണെന്ന് വിവരിച്ചിട്ടുണ്ടെങ്കിലും, ഈ പദ്ധതി പ്രവർത്തന ക്ഷമമാണോ, ഇവിടെ നിലവിലുള്ള മോട്ടോറും അനുബന്ധ സംവിധാനങ്ങളും സ്കൂളിനു കുടിവെള്ളം

ലഭിക്കാനായി ഉപയോഗപ്പെടുത്താതെ പുതിയ മോട്ടോർ സ്ഥാപനം ഉൾപ്പെടുത്തിതെന്തിനെന്നും വ്യക്തമല്ല.

മോട്ടോർ സ്ഥാപിക്കാൻ റഡ്കോയുമായുള്ള നടപടികൾ നടന്ന വരികയാണെന്നും, പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുമെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. മേൽ വിവരിച്ച വിധമുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ മോട്ടോർ, മറ്റു സംവിധാനങ്ങൾ ഉപയോഗപ്പെടുത്താതിരുന്നതു സംബന്ധിച്ച വിശദീകരണവും, പദ്ധതി പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

1-23 "ടേക്ക് എ ബ്രേക്ക്" - നിർമ്മാണം ആരംഭിച്ചില്ല

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ) നം. 1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി പ്രോജക്റ്റ് രൂപീകരിച്ചു. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ 10,00,000/- രൂപ അടങ്കലിൽ പ്രോജക്റ്റ് നമ്പർ 218/21 ആയി രൂപീകരിച്ചതാണ് ഈ പദ്ധതിയെന്നും, പ്രസ്തുത വർഷത്തിൽ തന്നെ ഈ പദ്ധതി ടെണ്ടർ ചെയ്ത് സുനിൽകുമാർ വി. കെ എന്ന കരാറുകാരനെ ഏൽപ്പിച്ചിട്ടുണ്ടെന്നും മനസ്സിലാകുന്നു. ഈ പദ്ധതി പിന്നീടുള്ള വർഷങ്ങളിൽ സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെട്ടിരുന്നെങ്കിലും നാളിതുവരെ ഈ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം

നടുവണ്ണൂർ ടൗണിൽ സംസ്ഥാന പാതയോട് ചേർന്ന് റീ സർവ്വേ നമ്പർ 177 ൽ ഉൾപ്പെട്ട മൂന്ന സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ജില്ലാ കളക്ടറുടെ 2.11.2020 ലെ DCKKD/572/2020LT നമ്പർ നടപടിക്രമത്തിലൂടെ ഗ്രാമപഞ്ചായത്തിന് താൽക്കാലിക ഉപയോഗത്തിന് അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥലത്ത് നിർമ്മാണം നടത്താനാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ പ്രസ്തുത ഭൂമിയോടു ചേർന്നുള്ള ഭൂമിയുടെ ഉടമസ്ഥൻ നിർമ്മാണത്തിനെതിരെ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും (കേസ് നം. WP(c)6678/2021(H) പെറ്റീഷനർ - മുഹമ്മദ്, എരഞ്ഞിക്കുനിയിൽ), നിർമ്മാണത്തിനെതിരെ സ്റ്റേ വാങ്ങുകയും ചെയ്തു. ഈ കേസിന്റെ 17.3.21 ലെ ഇടക്കാല ഉത്തരവിൽ നിർമ്മാണം ഒരു മാസകാലയളവിലേക്ക് തടഞ്ഞിട്ടുള്ളതായും, തുടർന്ന് 16.4.21 ലെ ഉത്തരവിൽ രണ്ടു മാസത്തേയ്ക്ക് കൂടി സ്റ്റേ നൽകിയതായും കാണുന്നു. ഈ ഉത്തരവ് വെക്കേറ്റ് ചെയ്യാനായി 2021 ആഗസ്റ്റ് മാസത്തിൽ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് തയ്യാറാക്കിയ അഫിഡവിറ്റ് ഫയലിൽ കാണുന്നുണ്ടെങ്കിലും ഈ വിഷയത്തിലുണ്ടായ തുടർനടപടികൾ വ്യക്തമല്ല.

നിലവിലെ സ്ഥിതി

2022-23 വർഷം വരെ മേൽ പദ്ധതി സ്പിൽഓവർ പദ്ധതിയായി വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ കേസിന്റെ കാര്യത്തിൽ പുരോഗതിയില്ലാത്തതിനെ തുടർന്നും, എസ്റ്റിമേറ്റിലുൾപ്പെട്ട വിവിധയിനങ്ങളുടെ നിരക്കിലുണ്ടായ മാറ്റങ്ങൾ കാരണവും ഏറ്റെടുത്ത പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും, ആയതിനാൽ തന്നെ പ്രവൃത്തി നിർവ്വഹണത്തിൽ നിന്നും തന്നെ ഒഴിവാക്കണമെന്നുമുള്ള കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് ടിയാനുമായുള്ള കരാർ ഭരണസമിതി റദ്ദ് ചെയ്തിട്ടുണ്ട് (9.11.2022 ലെ 2/4 നമ്പർ തീരുമാനം). തുടർന്ന് നടപ്പ് വർഷത്തിൽ പ്രോജക്ട് നമ്പർ 148/24 ആയി ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിന് പുതിയ പദ്ധതി രൂപീകരിച്ചു (അടങ്കൽ 1085000/-). എന്നാൽ ഈ പ്രോജക്ടിൽ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല. 29.7.2022 ലെ ഭരണസമിതിയുടെ തീരുമാനം 3/1 ൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 5 ൽ കരുവണ്ണൂർ എടോത്ത് താഴെ സംസ്ഥാന പാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന 15 സെന്റ് വിസ്തൃതിയുള്ള സ്ഥലം വിശ്രമ കേന്ദ്രവും, കുട്ടികളുടെ പാർക്കും നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്നും, ഈ സ്ഥലം വിട്ടു കിട്ടുന്നതിന് കളക്ടറോട് അപേക്ഷിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ തുടർനടപടികളുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമല്ല.

മുകളിൽ വിവരിച്ച പ്രകാരം നിലവിലും സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള സേവനം നൽകാൻ പഞ്ചായത്തിനായിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതും, പദ്ധതി നടപ്പാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. നിലവിലുള്ള കേസ് തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ അലംഭാവം ഗൗരവത്തോടെ കാണേണ്ടതും, ഇക്കാര്യത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 29,677 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര് | 10/23<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകളും അനുബന്ധ വസ്തുക്കളും വാങ്ങൽ |
| അടങ്കൽ | 1,50,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 1,50,000/- (ബിൽ നം. 223/22-23 തീയതി 17.1.2023 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ട് പ്രകാരം നടുവണ്ണൂർ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നും അനുബന്ധ

വസ്തുക്കളും വാങ്ങുന്നതിനായി 1,50,000/- രൂപ മുകളിൽ ചേർത്ത വിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി (ഓഡിറ്റ് തീയതി വരെ - 16.8.2023 വരെ) 1,20,323 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള മരുന്നുകൾ (29,677 രൂപയുടെ) ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 9/2022-23 തീയതി 21.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 29,677/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 134/23 | ഡി. പി. സി സെക്രട്ടേ റിയറ്റിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് വിഹിതം കൈമാറൽ | 1,00,000 - വികസന ഫണ്ട് - പൊതു വിഭാഗം, 1,00,000 - തനത്ഫണ്ട് | ജില്ലാ കളക്ടർ, കോഴിക്കോട് 1,00,000 - ബിൽ നമ്പർ - 104/22-23, തീയതി 3.11.2022, 1,00,000 - ബിൽ നമ്പർ - 261/22-23, തീയതി 9.3.2023 |
| 2 | 29/23 | ഐ. കെ. എം ന് വിഹിതം നൽകൽ | 89,588 - വികസനഫണ്ട് - പൊതു വിഭാഗം | ഐ. കെ. എം, തിരുവനന്തപുരം 79,383 - ബിൽ നമ്പർ - 66/22-23, തീയതി 13.9.2022, 10,205 - ബിൽ നമ്പർ - 242/22-23, തീയതി 16.2.2023 |
| | | ആകെ | 2,89,588 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2022-23 തീയതി 21.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 2,89,588/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 ഘടക സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ - ചെലവു രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം./പേര് | 32/22-23 ഘടക സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ - തുക അനുവദിക്കൽ |
| അടങ്കൽ | 4,00,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 4,00,000/-(ബിൽ നം. 778/22-23 തീയതി 27.9.2022) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ഒരു വർഷത്തേക്കുള്ള കണ്ടിൻജന്റ് ചെലവുകൾക്കായി താഴെപ്പറയും പ്രകാരം വിവിധ സ്ഥാപന മേധാവികൾക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | ഘടക സ്ഥാപനം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | വെറ്ററിനറി സർജ്ജൻ | 40,000 | 40,000 |
| 2 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 20,000 | 20,000 |
| 3 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 20,000 | 20,000 |
| 4 | കൃഷി ഓഫീസർ | 25,000 | 25,000 |
| 5 | ഹെഡ്മാസ്റ്റർ, ജി. യു. പി. എസ്, കരുവണ്ണൂർ | 40,000 | 40,000 |
| 6 | ഹെഡ്മാസ്റ്റർ, ജി. ഡബ്ല്യു. എൽ. പി. എസ്, കാവുന്തറ | 30,000 | 30,000 |

| | | | |
|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 2,00,000 | 1,99,931 |
| 8 | ഹെഡ്മാസ്റ്റർ, ജി. എം. എൽ. പി. എസ്, നടുവണ്ണൂർ | 25,000 | 25,000 |
| | ആകെ | 4,00,000 | 3,99,931 |

മേൽ പ്രകാരം കൈമാറിയ തുകകളുടെ കാര്യത്തിൽ മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, മെഡിക്കൽ ഓഫീസർ, ആയുർവേദം എന്നിവർ ഒഴികെയുള്ള സ്ഥാപന മേധാവികൾ അവർക്ക് ലഭിച്ച തുകയുടെ ചെലവ് വിവരം, വൗച്ചറുകൾ എന്നിവ പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2022-23 തീയതി 21.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ ചെലവ് വിവരം, വൗച്ചറുകൾ എന്നിവ ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നത് വരെ മേൽ പ്രകാരമുള്ള 4,00,000/- രൂപയിൽ മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ആയുർവേദ മെഡിക്കൽ ഓഫീസർ എന്നിവർക്ക് നൽകിയതൊഴികെയുള്ള 1,80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 വികസന ഫണ്ട് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

പ്രൊജക്ട് നമ്പർ 143/22-23

നിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറി

ചെലവു തുക 3,00,000 (വികസന ഫണ്ട്, ജനറൽ)

ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന റിപ്പയറിന് തുക അനുവദിക്കുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം 3,00,000/- രൂപ സി.ഡി.എസ് ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. സി.ഡി.എസിന്റെ ക്യാഷ്ബുക്കും അനുബന്ധ രേഖകളും പരിശോധിച്ചതിൽ എഞ്ചിനീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ 2 ഗുണഭോക്താക്കൾക്ക് 1,00,000 രൂപ വീതവും ഒരു ഗുണഭോക്താവിന് 90,000/- രൂപ വീതവും ആകെ 2,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന 10,000/- രൂപ സി.ഡി.എസ് ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 39707226753, എസ്.ബി.ഐ നടുവണ്ണൂർ ശാഖ) ഇപ്പോഴും നീക്കിയിരിപ്പായി തുടരുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസനഫണ്ട് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ്_എൻക്വയറി നമ്പർ 17/22-23 തിയതി 21.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-28 കിടാരി വളർത്തൽ പദ്ധതി - തുടർ നിരീക്ഷണമില്ല

2022-23 സാമ്പത്തിക വർഷം വെറ്ററിനറി സർജന്റെ നിർവ്വഹണത്തിൽ കിടാരി വളർത്തലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രണ്ട് പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്റ്റുകൾ പ്രകാരം കിടാരിയെ വാങ്ങുന്നതിനായി ജനറൽ വിഭാഗത്തിൽപ്പെട്ട 32 ഗുണഭോക്താക്കൾക്ക് 10000 രൂപ വീതവും, എസ്.സി വിഭാഗത്തിൽപ്പെട്ട 14 ഗുണഭോക്താക്കൾക്ക് 15000 രൂപ വീതവും നൽകിയിട്ടുണ്ട്

| | | |
|---|---|---|
| 1 | പ്രൊജക്റ്റ് | 44/22-23, കിടാരി വളർത്തൽ - ജനറൽ |
| | അടങ്കൽ | 6,40,000/- |

| | | |
|---|---|---|
| | | [ 3,20,000 – വികസന ഫണ്ട് ജനറൽ,<br>3,20,000 – നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം] |
| | ചെലവ് | 3,20,000 /- |
| 2 | പ്രൊജക്റ്റ് | 45/22-23, കിടാരി വളർത്തൽ - എസ്.സി |
| | അടങ്കൽ | 2,80,000/-<br>[ 2,10,000 – വികസന ഫണ്ട് ജനറൽ,<br>70,000 – നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം] |
| | ചെലവ് | 2,10,000/- |

പ്രൊജക്റ്റുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്ന് മോണിട്ടറിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ് എന്നും, ഇതിനായി പ്രൊജക്റ്റിന്റെ പ്രാരംഭഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ശേഷവും പ്രൊജക്റ്റ് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണെന്നും, മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും 19.04.2022 ലെ സ.ഉ (കൈ) നം. 84/2022 /തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മോണിട്ടറിംഗ് റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2022-23 തീയതി 21.08.2023) മറുപടി ലഭിച്ചിട്ടില്ല. മോണിട്ടറിങ്ങ് റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-29 സാമൂഹ്യക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി ആകെ 4502 ഗുണഭോക്താക്കളുണ്ട്. മരണപ്പെടുന്നതും പുനർവിവാഹം ചെയ്യുന്നതുമായ പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം ബന്ധപ്പെട്ട പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് 23.09.2020 തീയതിയിലെ ജി.ഒ (എം.എസ്) നം. 97/2020/ധന നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച് നടത്തിയ പരിശോധനകളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് 16.08.2023 ന് നൽകിയ 02/2022-23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി അങ്കണവാടി ടീച്ചർമാരിൽ നിന്നും വാർഡ് മെമ്പർമാരിൽ നിന്നുമുള്ള റിപ്പോർട്ടുകളും, ബാങ്ക് മുഖേന വീടുകളിൽ വിതരണം ചെയ്യുന്ന പെൻഷനുകളുടെ കാര്യത്തിൽ ബാങ്കിന്റെ റിപ്പോർട്ടും പരിശോധിച്ച് ഉറപ്പു വരുത്തി മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്തു വരുന്നുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മേൽപറഞ്ഞവരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളോ, അനുപ്രകാരം എത്ര ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തു എന്നതു സംബന്ധിച്ച വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശപ്രകാരം എല്ലാ മാസവും പെൻഷൻ ഡാറ്റാബേസ് കാലികമാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഡാറ്റ ഇൻഫർമേഷൻ കേരള മിഷൻ “സേവനയുമായി” പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണെന്ന് 02.08.2021 തീയതിയിലെ 63/2021/ധന നമ്പർ സർക്കുലറിൽ സർക്കാർ

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽപ്പറഞ്ഞ വിവരങ്ങൾ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിലേക്ക് കൈമാറി വരുന്നില്ല. കൂടാതെ ഗുണഭോക്താവ് മരണപ്പെട്ടാൽ അവരുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാറിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/ അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയത് പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളിൽ നിന്ന് സത്യപ്രസ്താവനകൾ വാങ്ങി വയ്ക്കുന്നില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-30 ആർദ്രം പദ്ധതി - ജീവനക്കാരുടെ വേതനം മുൻകൂർ അനുവദിച്ചു

നിർവ്വഹണം മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പ്രൊജക്ട് നമ്പർ 2/22-23

അടങ്കൽ 7,64,240

ചെലവു തുക 7,64,240 (വികസന ഫണ്ട്, ജനറൽ)

നടുവണ്ണൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയിൻ കീഴിൽ ജോലി ചെയ്തു വരുന്ന ഡോക്ടർ ശ്രീമതി. ലുബിന ഇ. ടി (അസി. സർജൻ), ഫാർമസിസ്റ്റ് ശ്രീ. ബേബി ടി. എച്ച് എന്നീ ജീവനക്കാരുടെ 2023 മാർച്ച് മാസത്തെ വേതനം യഥാക്രമം 54520/-, 17500/- രൂപ എന്നിങ്ങനെ ആകെ 72,020/- രൂപ പ്രൊസീഡിങ്സ് നമ്പർ 312/23.03.23 പ്രകാരം മുൻകൂർ ആയി അനുവദിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 15 /21.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരം വേതനം മുൻകൂർ അനുവദിച്ചത് ക്രമപ്രകാരമല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു.

1-31 ഒ.ഡി.എഫ് പ്ലസ് - ആനുകൂല്യം അനുവദിച്ച ബാങ്ക് അക്കൗണ്ട് നമ്പറിൽ അവ്യക്തത

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ടോയ്‌ലറ്റ് നിർമ്മാണം പദ്ധതിയിൽ (പ്രൊജക്ട് നമ്പർ So 21/22-23) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച അക്കൗണ്ട് നമ്പറുകളിൽ അവ്യക്തത ഉള്ളതായി കാണുന്നു. ഗുണഭോക്താവിന്റെ പേരിൽ ട്രഷറി ബിൽ പ്രകാരം തുക അനുവദിച്ചതായി രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പറും ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പറും വ്യത്യസ്തമാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഗുണോഭോക്താവിന്റെ പേര് | അനുവദിച്ച തുക | ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പർ | ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയ IFSC കോഡ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| ഗീത തെക്കെപ്പറമ്പിൽ | 8,000 | 14150100163853 | FDRL0001415 | 538741536210 |
| സുരേന്ദ്രൻ കോവുമ്മൽക്കുനി | 8,000 | 189053000013270 | SIBL0000189 | 4016210103 9939 |

അപാകത പരിശോധിച്ച് വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ ബാങ്ക് പാസ്ബുക്ക് വിശദാംശങ്ങൾ പരിശോധിച്ച് അനർഹമായി ആനുകൂല്യം വിതരണം ചെയ്തില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും ആപാകത ഉണ്ടായിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കി അർഹതപ്പെട്ടവർക്ക് അനുവദിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 16.08.2023 & 17.08.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 587500 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 587500 | 0 |
| | | 250000 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 250000 | 0 |
| | | 250000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 250000 | 0 |
| | | 510000 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 510000 | 0 |
| | | 1980000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 1980000 | 0 |
| | | 375000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 375000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50000 | 0 |
| | | 380000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 380000 | 0 |
| | | 1520000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 1520000 | 0 |
| | | 84100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 84100 | 0 |
| | | 1066048 | ബഡ്സ് സ്കൂൾ അധിക നിർമ്മാണ പ്രവൃത്തികൾ | 1066048 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (KURDFC) | സ.ഉ 27/2019 ത.സ്വ.ഭ.വ തീയതി- 22-02-2019 | 0 | 1,58,10,000 | 23,90,934 | -- | 1,34,19,066 |

ഗ്രാമപഞ്ചായത്തിന്റെ ലോൺ രജിസ്റ്റർ പൂർണ്ണമല്ല. ലൈഫ് ഭവനപദ്ധതിക്ക് വേണ്ടി എടുത്തിട്ടുള്ള വായ്പയിൽ ഓരോ വർഷവും വരുത്തുന്ന തിരിച്ചടവ്, വർഷാന്ത്യ നീക്കിയിരിപ്പ് തുടങ്ങിയ വിവരങ്ങളൊന്നും ലോൺ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. 18.02.2010 ലെ സ.ഉ (സാധാ) 533/2010/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കെ.ഡി.സി ബാങ്ക്, നടുവണ്ണൂർ ശാഖയിൽ നിന്ന് 1,39,20,000/- രൂപ വായ്പയെടുത്തിരുന്നു. ഇ.എം.എസ് ലോൺ രജിസ്റ്റർ പ്രകാരം പ്രസ്തുത വായ്പയുടെ മുതൽ തിരിച്ചടയ്ക്കാനില്ലെങ്കിലും 31.03.2021 ന് പലിശയിനത്തിൽ 9,84,881/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. മേൽ തീയതിക്ക് ശേഷമുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലോൺ രജിസ്റ്ററുകൾ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,08,622 |
| തൻവർഷം നിക്ഷേപിച്ച തുക | 28,94,015 |
| ആകെ | 49,02,637 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 49,02,637 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 23.01.2023 | 12 മാസം | 18,59,835 |
| 2 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 23.01.2023 | 12 മാസം | 1,48,787 |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 01.10.2022 | 12 മാസം | 16,90,000 |
| 4 | നടുവണ്ണൂർ റീജ്യണൽ കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 25.10.2022 | 12 മാസം | 10,78,476 |

| | | | | |
|---|---|---|---|---|
| 5 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 07.03.2023 | 12 മാസം | 1,25,539 |
| ആകെ | | | | 49,02,637 |

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/തീയതി |
|---|---|---|---|---|
| 1 | 2019-20/1-2-1(17) | 211000 | ശ്രീമതി രഞ്ചു സുരേന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ | 1220101379/ 22.07.2022 |
| 2 | 2008-09/2-8 | 1151 | -- | 11220101562/ 30.07.2022 |
| 3 | 2009-10/2-6 | 600 | -- | 11220101563/ 30.07.2022 |
| 4 | 2020-21/3-3(1) | 20374 | -- | 11220102820/ 20.10.2022 |
| 5 | 2020-21/3-1 | 6526 | -- | 11220100223/ 23.05.2022 |

ഓഡിറ്റ് റിക്കവറി വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ക്രമ നം.1 ഒഴികെയുള്ള തുകകൾ ആരാണ് അടവാക്കിയത് എന്ന് വ്യക്തമല്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കേണ്ടതും മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | |
|---|---|---|---|---|
| 1999-00 | 35 | 2003-04 | 11.13.5.3 | മൈത്രി ഭവന പദ്ധതി - വീട് നിർമ്മിച്ചത് സംബന്ധിച്ചരേഖകളില്ല. |
| 1999-00 | - | 2003-04 | മറ്റ് പരാമർശം 11.14 | പൂർത്തീകരിക്കാത്ത പദ്ധതികൾ |
| 2000-01 | - | 2003-04 | മറ്റു പരാമർശം 11.14 | ചെങ്ങോട്ടുപാറ – കിഴക്കോറ്റകടവ് റോഡ്, എൽ. പി സ്കൂളിന് ലൈബ്രറി ബുക്ക് |
| 2000-01 | -- | 2004-05 | മറ്റു പരാമർശം 11.1.3.39 | നികുതി പിരിവിൽ അലംഭാവം |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |
| 2017-18 | 2-7 | 2018-19 | -- | വാണിജ്യ കെട്ടിട പെർ മിറ്റ് ഉപയോഗിച്ച് ആരാധ നാലയം നിർമ്മിച്ചു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

തൻവർഷം ചാർജ്ജ്/സർചാർജ്ജ് നടപടികൾ വഴി തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ്<br>(റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ട് പ്രകാരം) | 35173505 |
| ആകെ ചെലവ്<br>(റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ട് പ്രകാരം) | 278651928 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,99,255 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 29,667 | ഡോ. അഷിത എ. കെ,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-25 | 2,89,588 | ശ്രീ. മനോജ് ഒ,<br>സെക്രട്ടറി |
| 1-26 | 1,80,000 | ശ്രീ. മനോജ് ഒ,<br>സെക്രട്ടറി |
| ആകെ | 4,99,255 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. മനോജ് ഒ, സെക്രട്ടറി | സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | ഒതയോത്ത്, നൊച്ചാട് പി. ഒ |
| ഡോ. അഷിത മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി, നടുവണ്ണൂർ | സുഷമ, ചെട്ടികുളം, എലത്തൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവില ത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡി കകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(3)തീ-29.08.2022 | 2 | 34, 35 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(4) തീ-29.08.2022 | 2 | 8,11 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(11)തീ-29.08.2022 | 1 | 3-9 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(14)തീ-30.08.2022 | 1 | 3-3(2),(3) |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(15) തീ-30.08.2022 | 1 | 2-3 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(18)തീ-01.09.2022 | 2 | 2-5, 2-7 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(19)തീ-01.09.2022 | 9 | 1-8-1(a), 1-11(3-1), 1-12, 1-13, 1-14, 1-18,1-21(1), 1-22,1-27 (1) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി.1/ 1196/22 തീ 27.05.2023 | 18 | 1-1,1-2,1-6,1-8,1-9,1-11,1-12, 1-13, 1-17,1-22, 1-24,1-25, 1-26,1-30,1-31,1-34, 4-3,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/ പി1/ 2314/22 തീയതി-12.06.2023 | 22 | 1-1,1-2, 1-11, 1-14, 1-16, 1-21, 1-22,1-23, 1-24, 1-25, 1-26, 1-27,1-30, 1-32, 1-33, 1-34, 1-35, 1-36,1-37,1-38, 3-1, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി1/ 2271/22 തീയതി-23.06.2023 | 29 | 1-1,1-2,1-4, 1-7, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16,1-17,1-18, 1-19, 1-20, 1-21, 1-22, 1-23,1-24, 1-25, 1-26, 1-27, 1-28, 1-29,1-30,2-1,4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(5)/23 dated 24-06-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Naduvannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Naduvannur Grama Panchayat for the year 2022-2023

Date: 27/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Naduvannur Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non-Disclosure of Liability

**2.Other Observations**

1. The following mandatory fincancial statements prescribed in accounting rules are not submitted 1) Basic Ratios 2) Note to Accounts

2. Cash Flow Statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

3. Lapses in making timely and accurate demand entries in respesct of tax and non-tax revenues

4. Demand registers are not periodically reconciled with accounts

5. Monthly Reconciliation Statement not prepared

6. Misclassification of Receipt Vouchers

7. Grant liability amount shown as liability in Balance Sheet does not mach with Bank Account opened for the specified grant account

8. The Register for fee for regularisation of building & Stock Register does not mach with accounts

9. The following registers are not maintained 1) Tender form sale register 2) Auction register

10. Cheques deposited in the bank are not credited

11. Asset Register not matches with Accounts

12. Amount used for asset creation using Development fund and maintenance grant acount not transrerred to Capital contribution and treated as revenue income

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്